പതിമൂന്നാം കേരള നിയമസഭ - ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:3670 — 19/02/2013 - ൽ മറുപടിക്ക്

## അമ്പലപ്പുഴ മണ്ഡലത്തിലെ തീരദേശ റോഡുകൾക്ക് ഭരണാനുമതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ജി.സുധാകരൻ: | ശ്രീ.കെ. ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
| (എ) 2012-13 സാമ്പത്തിക വർഷ ത്തിൽ ആലപ്പുഴ ജില്ലയിലെ അമ്പലപ്പുഴ മണ്ഡലത്തിൽ ഏതൊക്കെ തീരദേശ റോഡു കൾക്കാണ് ഭരണാനുമതി നൽ കിയിട്ടുള്ളത് ; | (എ) 2012-13 സാമ്പത്തിക വർഷത്തിൽ അമ്പലപ്പുഴ മണ്ഡലത്തിൽപ്പെട്ട താഴെ പറയുന്ന രണ്ട് റോഡുകൾക്ക് ഭരണാനു മതി നൽകിയിട്ടുള്ളത്.<br>1. തോണ്ടൻകുളങ്ങര വാർഡിലെ ചെമ്പൻതറ കലുങ്കിൽ നിന്നും പടിഞ്ഞാറോട്ടുള്ള റോഡ് - 32.50 ലക്ഷം രൂപ.<br>2. ഇറവുകാട് വാർഡിലെ ചങ്ങനാശ്ശേരി മുക്കിൽ നിന്നും സിദ്ധിക്കിന്റെ കടയുടെ മുൻവശത്തുകൂടിയുള്ള റോഡ് - 30.50 ലക്ഷം രൂപ. |
| (ബി) 2011-12 സാമ്പത്തിക വർഷ ത്തിൽ ലിസ്റ്റിൽ ഉൾപ്പെടുത്തി എസ്റ്റിമേറ്റ് സമർപ്പിച്ച ഏതെ ല്ലാം തീരദേശ റോഡുകൾ ക്കാണ് ഭരണാനുമതി നൽകി യിട്ടുള്ളതെന്ന് വ്യക്തമാക്കാ മോ ; | (ബി) 2011-12 സാമ്പത്തിക വർഷത്തിൽ ലിസ്റ്റിൽ ഉൾപ്പെടുത്തി എസ്റ്റിമേറ്റ് സമർ പ്പിച്ച അമ്പലപ്പുഴ മണ്ഡലത്തിലെ 5 റോഡു കൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. വിവരം ചുവടെ ചേർക്കുന്നു.<br>1. പഴവങ്ങാടി ബീച്ച് - പുറക്കാട് ബീച്ച് റോഡ് - 37.07 ലക്ഷം രൂപ. |

2. ഫിഷ് ലാന്റിംഗ് സെന്റർ - പൂമീൻ പൊഴി റോഡ് - 37.00 ലക്ഷം രൂപ.
3. സി.ആർ.പി. ജംഗ്ഷൻ - ചുള്ളിക്കൽ കാർമൽ പോളിടെക്നിക് ടെലികോം എക്സ്ചേഞ്ച് റോഡ് - 32.50 ലക്ഷം രൂപ.
4. അഞ്ചാലുംകാവ് - കക്കാഴം പി.ബി. ജംഗ്ഷൻ റോഡ് - 60.00 ലക്ഷം രൂപ.
5. അമ്പലപ്പുഴ പോലീസ് സ്റ്റേഷൻ വടക്ക് തിരിഞ്ഞ റോഡ് - 09.30 ലക്ഷം രൂപ.

(സി) 2012-13 ബഡ്ജറ്റിൽ തീരദേശ റോഡുകളുടെ വികസനത്തിനായി എന്തു തുകയാണ് നീക്കിവച്ചിട്ടുള്ളത്; അതിൽ എത്ര തുകയുടെ ഭരണാനുമതി നാളിതു വരെ നൽകിയെന്ന് വ്യക്തമാക്കാമോ?

(സി) 2012-13-ലെ ബഡ്ജറ്റിൽ 55 കോടി രൂപ തീരദേശ റോഡുകളുടെ വികസനത്തിനായി നീക്കി വച്ചിട്ടുണ്ട്. 31/01/2012 വരെ 92.49 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. തീരദേശ റോഡുകളുടെ വികസനത്തിന് വളരെയധികം ആവശ്യങ്ങളുള്ളതിനാൽ, ചെലവ്, ബഡ്ജറ്റ് വിഹിതത്തിനുള്ളിൽ പരിമിതപ്പെടുത്തിക്കൊണ്ട് 25 കോടി രൂപയ്ക്ക് കൂടെ ഭരണാനുമതി നൽകാൻ സ്പെഷ്യൽ കേസായി പരിഗണിച്ച് ഉത്തരവ് നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ